പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6287 11.07.2012ൽ മറുപടിയ്ക്ക്

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഡി.ഡി.എഫ്.എസ് .സോഫ്റ്റ്‌വെയർ

| ചോദ്യം<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി ) |
|---|---|
| (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ എത്ര വകുപ്പുകളിൽ നാളിതുവരെ ഡി.ഡി.എഫ്.എസ്. സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്; സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ് നടപ്പിലാക്കിയത് ക്യാബിനറ്റ് തീരുമാനപ്രകാരമാണോ;എങ്കിൽ എന്ന് മുതലാണ് ഇത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ മൂന്ന് വകുപ്പുകളിൽ നാളിതുവരെ ഡി.ഡി.എഫ്.എസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ് നടപ്പിലാക്കിയത് ക്യാബിനറ്റ് തീരുമാനപ്രകാരമല്ല. 2010 ഡിസംബർ മുതലാണ് ഇത് നടപ്പിലാക്കിയത്. |
| (ബി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ( NIC) വികസിപ്പിച്ച മെസ്സേജ് സോഫ്റ്റ്‌വെയർ അല്ലാതെ മറ്റേതെങ്കിലും സോഫ്റ്റ് വെയർ നടപ്പിലാക്കാൻ കെൽട്രോണുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഡിജിറ്റലൈസേഷൻ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിൽ കെൽട്രോണിന്റെ ഭാഗത്ത് നിന്നും എന്ത് ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; അതിൻപ്രകാരം സെക്രട്ടേറിയറ്റിലെ ഡിജിറ്റലൈസേഷൻ എൻ. ഐ. സി .യെ എൽപ്പിക്കുന്നതിന് | (സി)&ഡി കേന്ദ്ര സർക്കാർ സ്ഥാപനമായ "നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ( NIC) " വികസിപ്പിച്ച " MESSAGE " എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിലെ 7 വകുപ്പുകളിൽ നടപ്പിലാക്കാനായിരുന്നു കെൽട്രോണുമായി കരാർ ഒപ്പിട്ടത്. എന്നാൽ കെൽട്രോൺ, |

തീരുമാനിച്ചിരുന്നുവോ;

തിരുവനന്തപുരം ടെക്നോപാർക്കിലുള്ള " Ospyn Technologies " എന്ന സ്വകാര്യ കമ്പനിയുടെ " Digital Document Filing System " എന്നു പേരുള്ള സോഫ്റ്റ്‌വെയറാണ് ഇപ്പോൾ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നത്. കെൽട്രോണുമായി ഏർപ്പെട്ട കരാർ പ്രകാരം " MESSAGE " സോഫ്റ്റ്‌വെയറിന്റെ ബൌദ്ധിക സ്വത്തവകാശം കേരള സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ STQC ടെസ്റ്റിംഗിന് വിധേയമായിട്ടില്ലാത്ത DDFS സോഫ്റ്റ്‌വെയർ സർക്കാരിന്റെ അനുമതിയില്ലാതെ പല സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഡി.ഡി.എഫ്.എസ് സംബന്ധിച്ച വിഷയം വിശദമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി,മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി,ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,വിവരസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,ഐ.റ്റി മിഷൻ ഡയറക്ടർ,എൻ.ഐ.സി യുടെ സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,കെൽട്രോൺ മാനേജിംഗ് ഡയറക്ടർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ഡി) സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ ഇളവുകൾ നേടി സെക്രട്ടേറിയറ്റിലെ ഡിജിറ്റൽ സോഫ്റ്റ്‌വെയർ പദ്ധതികൾ മറ്റേതെങ്കിലും സ്വകാര്യ ഏജൻസിക്ക് കെൽട്രോൺ കൈമാറിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ

വിശദമാക്കാമോ ?.

(ഇ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ് നടപ്പാക്കുന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഇ) സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ് നടപ്പിലാക്കിയതിലെ ക്രമക്കേട് ചൂണ്ടിക്കാട്ടി സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ സംഘടനയായ കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ നൽകിയ പരാതി ലഭിച്ചിട്ടുണ്ട് . ഡി.ഡി.എഫ്.എസ് നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായി പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ